2026
SEPTEMBER
05
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

# എയർ ഇന്ത്യയിൽ 10,000 കോടി നിക്ഷേപിക്കാൻ ടാറ്റാ സൺസ്




**മുംബൈ:** സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന എയർ ഇന്ത്യയെ കരകയറ്റാൻ 10,000 കോടിയിലധികം രൂപയുടെ (ഏകദേശം 1.1 ബില്യൺ ഡോളർ) പുതിയ മൂലധന നിക്ഷേപത്തിന് ടാറ്റാ സൺസ് ബോർഡ് അനുമതി നൽകിയതായി റിപ്പോർട്ട്.

2021ൽ 18,000 കോടി രൂപയ്ക്ക് എയർ ഇന്ത്യയെ ടാറ്റ സ്വന്തമാക്കിയതിനു ശേഷം എയർലൈൻസിനു നൽകുന്ന ഏറ്റവും വലിയ സാമ്പത്തിക സഹായങ്ങളിലൊന്നാണിത്. ജൂണിൽ ടാറ്റാ സൺസ് ചെയർമാൻ എൻ. ചന്ദ്രശേഖരന്റെ അധ്യക്ഷതയിൽ ചേർന്ന ബോർഡ് യോഗത്തിലാണ് നിർണായക തീരുമാനം.

ടാറ്റാ ട്രസ്റ്റ്സ് ചെയർമാൻ നോയൽ ടാറ്റ, വൈസ് ചെയർമാൻ വേണു ശ്രീനിവാസൻ എന്നിവരും യോഗത്തിൽ പങ്കെടുത്തു. ടാറ്റാ സൺസിന്റെ ചട്ടപ്രകാരം 100 കോടി രൂപയ്ക്ക് മുകളിലുള്ള ഏത് നിക്ഷേപത്തിനും ടാറ്റാ ട്രസ്റ്റിന്റെ നോമിനി ഡയറക്ടർമാരുടെ ഭൂരിപക്ഷ പിന്തുണ ആവശ്യമാണ്.

എയർ ഇന്ത്യയിലേക്കുള്ള പുതിയ ഇക്വിറ്റി നിക്ഷേപങ്ങൾ ടാറ്റാ സൺസ് താല്കാലികമായി നിർത്തിവച്ച് ഒരു വർഷത്തിനു ശേഷമാണ് ഫണ്ട് അനുവദിക്കുന്നത്. 2026 സാന്പത്തിക വർഷത്തിൽ എയർ ഇന്ത്യയുടെ ആകെ നഷ്ടം ഇരട്ടിയിലധികമായി വർധിച്ച് 22,238 കോടി രൂപയിലെത്തിയിരുന്നു.

നിലവിൽ എയർ ഇന്ത്യയുടെ കടബാധ്യത 11 ബാങ്കുകളിലായി ഏകദേശം 40,000 കോടി രൂപയായി ഉയർന്നിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ കടബാധ്യതയുള്ളത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയോടാണ് (18,500 കോടി രൂപ). ബാങ്ക് ഓഫ് ബറോഡയ്ക്ക് 5,938 കോടി രൂപയും എയർ ഇന്ത്യ നൽകാനുണ്ട്.

ടാറ്റാ സൺസിനു നിലവിൽ നിലവിൽ എയർ ഇന്ത്യയിൽ 73.8 ശതമാനം ഓഹരികളുണ്ട്. സിംഗപ്പൂർ എയർലൈൻസിന് 24.7 ശതമാനം ഓഹരികളും എസ്ബിഐസിഎപി ട്രസ്റ്റി വഴി ജീവനക്കാർക്ക് 1.5 ശതമാനം ഓഹരികളുമുണ്ട്.

ടാറ്റ 10,000 കോടിയുടെ പുതിയ നിക്ഷേപം നടത്തുമ്പോൾ തങ്ങളുടെ ഓഹരി വിഹിതം കുറഞ്ഞുപോകാതിരിക്കാൻ സിംഗപ്പൂർ എയർലൈൻസ് വിഹിതമായി ഏകദേശം 3,350 കോടി രൂപ (351 മില്യൺ ഡോളർ) എയർ ഇന്ത്യയിൽ പുതുതായി നിക്ഷേപിക്കേണ്ടി വരും.

സർ രത്തൻ ടാറ്റാ ട്രസ്റ്റ് ഒഴികെയുള്ള ടാറ്റാ ട്രസ്റ്റുകളുടെ യോഗം സെപ്റ്റംബർ 11ന് ചേർന്നശേഷം 17ന് ടാറ്റാ സൺസ് ബോർഡ് വീണ്ടും യോഗം ചേരുന്നുണ്ട്.

# ജോർജ് കോവൂർ പാർലെ ബിസ്കറ്റ്സിന്റെ തലപ്പത്ത്



**മുംബൈ:** പ്രശസതമായ പാർലെജി, മൊണാക്കോ, ഹൈഡ് & സീക്ക്, മെലഡി എന്നിവയുടെ നിർമാതാക്കളായ പാർലെ ബിസ്കറ്റ്സിൻറെ ചീഫ് എക്സിക്യൂട്ടിവ് ഓഫിസറായി മലയാളിയായ ജോർജ് കോവൂരിനെ നിയമിച്ചു.

പെപ്സികോയിൽ ഇന്ത്യ, ചൈന, ഏഷ്യപസഫിക് മേഖലകളിലും ആഗോള പ്രവർത്തനങ്ങളിലും 30 വർഷത്തിലധികം സേവനമനുഷ്ഠിച്ച ശേഷമാണ് കോവൂർ പാർലെ കമ്പനിയിൽ ചേരുന്നത്.

പെപ്സികോയിൽ വിവിധ ബിസിനസുകളിലും അന്താരാഷ്ട്ര വിപണികളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

യുണിലിവറിന്റെ കീഴിലുള്ള ബ്രൂക്ക് ബോണ്ട് ഇന്ത്യയിലാണ് കോവൂർ തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. പെപ്സികോയിലേക്ക് മാറുന്നതിന് മുൻപ് ഏകദേശം മൂന്ന് വർഷത്തോളം അദ്ദേഹം അവിടെ സേവനമനുഷ്ഠിച്ചു.

തുടർന്നുള്ള മൂന്ന് പതിറ്റാണ്ടുകളിൽ ഇന്ത്യ, ഏഷ്യപസഫിക് മേഖല, ചൈന, യുഎസ് എന്നിവിടങ്ങളിൽ അദ്ദേഹം വിവിധ ചുമതലകൾ വഹിച്ചു. ഫ്രാഞ്ചൈസി പ്രവർത്തനങ്ങൾ, സെയിൽസ്, ബിസിനസ് നേതൃത്വം തുടങ്ങിയ മേഖലകളിൽ പെപ്സികോയിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

പെപ്സികോ ഫുഡ്സ് ചൈനയിലെ ചൈന, ഹോങ്കോംഗ് മാർക്കറ്റ് യൂണിറ്റുകളുടെ വൈസ് പ്രസിഡൻറായി കോവൂർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഗ്രേറ്റർ ചൈനയിലെ സെയിൽസ് ഡെവലപ്മെൻറ് ആൻഡ് ട്രാൻസ്ഫോർമേഷന്റെ വൈസ് പ്രസിഡൻറായും പിന്നീട് പെപ്സികോയുടെ ചൈന സ്നാക്ക്സ് ആൻഡ് ഫുഡ്സ് ബിസിനസിൻറെ ജനറൽ മാനേജരായും അദ്ദേഹം പ്രവർത്തിച്ചു. 2025ൽ പെപ്സിക്കോയിൽനിന്നു വിരമിച്ചു.

ചെന്നൈയിലെ മദ്രാസ് ക്രിസ്ത്യൻ കോളജിൽനിന്ന് ബിരുദം നേടിയ കോവൂർ, 1993ൽ മനിലയിലെ ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറിൽനിന്ന് എംബിഎ പൂർത്തിയാക്കി.

# സവാളവില കുതിക്കുന്നു: നടപടിയുമായി സർക്കാർ

**തൃശ്ശൂർ:** സവാളവില വീണ്ടും കണ്ണുനനയ്ക്കുന്നു. കിലോ 2830 രൂപയായിരുന്ന സവാളയ്ക്ക് കേരളത്തിൽ ഇപ്പോൾ 6570 രൂപയാണ്. വലിപ്പം കൂടിയ സവാള കിട്ടാനുമില്ല. 55 മില്ലീമീറ്റർ ചുറ്റളവുള്ള ഉള്ളിക്കാണ് ഇവിടെ ഡിമാൻഡ്. വിപണിയിലെ ഏറ്റക്കുറച്ചിൽ പരിഹരിക്കാൻ ഇടപെടൽ നടത്തുന്ന കേന്ദ്ര ഏജൻസിയായ നാഫെഡ് സംഭരിച്ചുവെച്ചിരിക്കുന്നതാകട്ടെ, 35 മില്ലി മീറ്ററോ അതിൽ താഴെയോ ഉള്ളതും. സവാള ഏറ്റവുമധികം ഉപയോഗിക്കുന്ന ഹോട്ടലുകാരും കാറ്ററിങ്ങുകാരും അത് എടുക്കാൻ മടിക്കുന്നു.

രാജ്യത്ത് ഏറ്റവും കൂടുതൽ സവാള ഉത്പാദിപ്പിക്കുന്ന മഹാരാഷ്ട്ര ഇത്തവണ ഉത്പാദിപ്പിച്ചതിൽ അധികവും വലിപ്പംകുറഞ്ഞതാണ്. അത് സംഭരിക്കാൻ നാഫെഡ് മടിച്ചു. വിലയും കൂടുതലായിരുന്നു. സാധാരണ കിലോഗ്രാമിന് 1012 രൂപയായിരുന്നെങ്കിൽ ഇത്തവണ 2025 രൂപവരെ നൽകേണ്ടിവന്നു. അതിനാൽ ഇത്തവണ 40,000 ടൺ സവാളയേ നാഫെഡ് സംഭരിച്ചുള്ളു.

വില ഉയരുമ്പോൾ മഹാരാഷ്ട്രയിലെ നാസിക്കിൽനിന്ന് നാഫെഡ് കേരളത്തിൽ സവാള എത്തിക്കാറുണ്ട്.




# പുരപ്പുറ സോളർ: സോളർ പാനൽ സൗജന്യമായി നൽകാൻ തീരുമാനം

**ന്യൂദൽഹി:** പ്രതിമാസം 400 യൂണിറ്റുവരെ വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി സോളർ പാനൽ നൽകുമെന്ന് പ്രഖ്യാപനം. പരമാവധി 78,000 രൂപവരെ സബ്സിഡി നേടാവുന്ന പദ്ധതിയാണിത്. 3 വിഭാഗങ്ങളിലായാണ് ഉപഭോക്താക്കൾക്ക് സബ്സിഡി ലഭിക്കുക. ഒരു കിലോവാട്ട് സോളർ സിസ്റ്റം വയ്ക്കുന്നവർക്ക് 30,000 രൂപവരെ. 2 കിലോവാട്ടിന് 60,000 രൂപവരെ. 3 കിലോവാട്ടിന് പരമാവധി 78,000 രൂപ. പിഎം സൂര്യ ഘർ പദ്ധതിയിൽ ചേർന്ന് സബ്സിഡി സ്വന്തമാക്കാൻ 2027 മാർച്ച് 31 വരെയാണ് സമയമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിരുന്നു.

എന്നാൽ, സംസ്ഥാനത്ത് പിഎം സൂര്യ ഘർ പദ്ധതിയുടെ വ്യാപനം തീരെക്കുറഞ്ഞ പശ്ചാത്തലത്തിൽ, കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നത് ലക്ഷ്യമിട്ട് ഡൽഹി സർക്കാരാണ് 'സൗജന്യ സോളർ പാനൽ' വാഗ്ദാനവുമായി എത്തിയത്. കേരളത്തിൽ 3.43 ലക്ഷം വീടുകൾ പദ്ധതിയിലുണ്ട്. സ്ഥാപിത ഉൽപാദനശേഷി 1304 മെഗാവാട്ട്. 2250 കോടിയോളം രൂപ കേരളത്തിലെ കുടുംബങ്ങൾ സബ്സിഡിയായി നേടുകയും ചെയ്തു. അതേസമയം, ഡൽഹിയിൽ ഇതുവരെ 17,570 കുടുംബങ്ങളേ പദ്ധതിയിൽ ചേർന്നിട്ടുള്ളൂ. സ്ഥാപിത ഉൽപാദനശേഷി വെറും 53 മെഗാവാട്ട്. നേടിയ സബ്സിഡി 81 കോടി രൂപ.



3 മെഗാവാട്ട് വരെ ശേഷിയുള്ള സോളർ പാനലുകൾ അർഹർക്ക് സൗജന്യമായി നൽകാനാണ് ക്യാബിനറ്റ് തീരുമാനമെന്ന് ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത പറഞ്ഞു. പിഎം സൂര്യ ഘർ ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം (ഇൻസെന്റീവ്) വിതരണം ചെയ്യുന്നതിലും ഡൽഹി സർക്കാർ മാറ്റംവരുത്തും. നിലവിൽ 5 വർഷംകൊണ്ടാണ് ഉപഭോക്താവിന് ഇൻസെന്റീവ് കിട്ടുന്നത്. ഇനി മുതൽ സോളർ പാനൽ സ്ഥാപിക്കുമ്പോൾതന്നെ മുൻകൂറായി ഇൻസെന്റീവ് നൽകും. 5 വർഷത്തെ സൗജന്യ മെയിന്റനൻസ് ഗ്യാരന്റിയും ഉറപ്പ് നൽകുന്നുണ്ട്. അതത് വെൻഡർമാരാണ് ഇതു നിറവേറ്റേണ്ടത്.

വീടുകളിൽ സോളർ പാനൽ വായ്ക്കുന്നവർക്ക് നിബന്ധനകളോടെ അപേക്ഷാ ചാർജുകൾ ഒഴിവാക്കാനും തീരുമാനിച്ചു. പുതിയ ഇളവുകൾ പ്രഖ്യാപിച്ചെങ്കിലും പിഎം സൂര്യ ഘർ പദ്ധതി പ്രകാരം നേടാവുന്ന സബ്സിഡി തുകകളിൽ മാറ്റമില്ല. അധിക ഉൽപാദനം വൈദ്യുതി ബോർഡിന് കൈമാറി സാമ്പത്തിക നേട്ടവും നേടാം.

2027 മാർച്ചിനകം സംസ്ഥാനത്ത് മൊത്തം 2.27 ലക്ഷം സോളർ പാനൽ സ്ഥാപിച്ച് 500 മെഗാവാട്ട് ഉൽപാദനശേഷി കൈവരിക്കുകയാണ് ഡൽഹി സർക്കാരിന്റെ ലക്ഷ്യം.



# നാളികേര മേഖലയുടെ സമഗ്ര വികസനത്തിന് 500കോടിയുടെ ബൃഹത് പദ്ധതി: വിത്തുമുതൽ കയറ്റുമതിവരെ സമഗ്ര ഇടപെടൽ

**തിരുവനന്തപുരം:** കേരളത്തിലെ നാളികേര മേഖലയുടെ പുനരുജ്ജീവനവും സമഗ്ര വികസനവും ലക്ഷ്യമിട്ട് 500 കോടി രൂപയുടെ ബൃഹത് പദ്ധതി നാളികേര വികസന ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് പറഞ്ഞു. ലോക നാളികേര ദിനാഘോഷത്തോടനുബന്ധിച്ച് വഴുതക്കാട് മൗണ്ട് കാർമൽ കൺവെൻഷൻ സെന്ററിൽ നാളികേര വികസന ബോർഡുമായി ചേർന്ന് സംഘടിപ്പിച്ച സ്റ്റേക്ക്ഹോൾഡേഴ്സ് മീറ്റിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനം മുതൽ ഉൽപാദനക്ഷമത വർധന, ഇടവിള കൃഷി, മൂല്യവർധന, വിപണനം, കയറ്റുമതി വരെയുള്ള മേഖലകളെ ഏകോപിപ്പിച്ചാണ് പദ്ധതി തയ്യാറാക്കുന്നത്. ഒന്നാംഘട്ടത്തിൽ നാളികേര വികസന ബോർഡിന്റെ വിഹിതമായി 500 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 41 കോടി രൂപയും ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാണ് ലക്ഷ്യമിടുന്നത്. യോഗത്തിൽ ഉയർന്ന നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിച്ച് നാളികേര വികസന ബോർഡിന് സമർപ്പിക്കും.

മേന്മയേറിയ തെങ്ങിൻ തൈകളുടെയും നടീൽ വസ്തുക്കളുടെയും ഉൽപാദനം വർധിപ്പിക്കുക, ന്യൂക്ലിയർ സീഡ്നട്ട് ഗാർഡനുകൾ സജ്ജമാക്കുക, സ്വകാര്യ മേഖലയെക്കൂടി പങ്കാളികളാക്കി നഴ്സറികൾ ശക്തിപ്പെടുത്തുക, നിലവിലുള്ള തെങ്ങിൻ തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന് പ്രത്യേക കാർഷിക പാക്കേജുകൾ നടപ്പാക്കുക, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവ പദ്ധതിയുടെ പ്രധാന ഘടകങ്ങളാണ്. നാളികേരാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും ശക്തിപ്പെടുത്തുന്നതിനും പ്രത്യേക പ്രാധാന്യം നൽകും.

നാളികേര മേഖലയുടെ പുനരുജ്ജീവനം സംബന്ധിച്ച് കേന്ദ്ര കൃഷി കർഷകക്ഷേമ സഹമന്ത്രി രാം നാഥ് ഠാക്കൂറുമായി കൃഷിമന്ത്രി അഡ്വ. ടി. സിദ്ദിഖ് മസ്കറ്റ് ഹോട്ടലിൽ കൂടിക്കാഴ്ച നടത്തി. നാളികേര പുനരുജ്ജീവന പദ്ധതി, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വികസനം, കയറ്റുമതി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കോകനട്ട് ഡെവലപ്മെന്റ് പാർക്ക് എന്നിവ ചർച്ച ചെയ്തു. സംസ്ഥാനത്തിന്റെ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ പൂർണ പിന്തുണ അഭ്യർത്ഥിച്ച മന്ത്രി, വിത്ത് മുതൽ കയറ്റുമതി വരെയുള്ള മേഖലകൾ ഉൾപ്പെടുത്തി സമഗ്ര പദ്ധതി തയ്യാറാക്കി അടുത്ത മാസം കേന്ദ്ര സർക്കാരിനെ സമീപിക്കുമെന്നും അറിയിച്ചു.

സ്റ്റേക്ക്ഹോൾഡേഴ്സ് മീറ്റിൽ ഗവേഷകർ, കർഷക പ്രതിനിധികൾ, കർഷക ഉൽപ്പാദക സംഘടനകൾ, മൂല്യവർധിത മേഖലയിലെ വിദഗ്ധർ, സ്റ്റാർട്ടപ്പ് സംരംഭകർ തുടങ്ങിയവർ നാളികേര മേഖലയുടെ വികസനത്തിനായുള്ള നിർദേശങ്ങൾ അവതരിപ്പിച്ചു. കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സുഭാഷ് ടി.വി. ഐ.എ.എസ്, കൃഷിവകുപ്പ് അഡീഷണൽ ഡയറക്ടർ സുരേന്ദ്രൻ, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി അജയകുമാർ ഐ.എ.എസ്., കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഹാരീസ്, കേരള കാർഷിക സർവകലാശാല അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ഡോ. റാണി, ബാലരാമപുരം കോക്കനട്ട് റിസർച്ച് സ്റ്റേഷൻ മേധാവി ഡോ. സന്തോഷ് കുമാർ, പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിലെ ഡോ. റോബർട്ട്, ഡോ. വിനോദ് മാത്യു, നാളികേര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സുനിൽ ദേവസ്യ, നാളികേര വികസന ബോർഡിലെ ഡോ. ദീപ്തി, ജയനാഥ്, പ്രതിനിധികളായ നിർമ്മൽ കുമാർ, ബിജു, സ്റ്റാർട്ടപ്പ് സംരംഭകൻ ആഷിൻ കൃഷ്ണ എന്നിവരും കർഷക പ്രതിനിധികളും കൃഷിവകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

# സഭാശുശ്രൂഷയ്ക്ക് മക്കളെ സമർപ്പിച്ച മാതാപിതാക്കൾ അനുഗൃഹീതർ: മാർ പുളിക്കൽ

**കാഞ്ഞിരപ്പള്ളി:** ദൈവം നൽകിയ ഏറ്റവും വലിയ ദാനമായ ജീവനെ സ്വീകരിക്കുകയും ദൈവിക ശുശ്രൂഷയ്ക്കായി മക്കളെ സമർപ്പിക്കുകയും ചെയ്ത മാതാപിതാക്കൾ അനുഗൃഹീതരെന്ന് കാഞ്ഞിരപ്പള്ളി ബിഷപ് മാർ ജോസ് പുളിക്കൽ.

രൂപതയുടെ സുവർണജൂബിലി വർഷത്തോടു ചേർന്ന് കാഞ്ഞിരപ്പള്ളി പഴയ പള്ളിയിൽ നടത്തിയ വൈദികരുടെയും സമർപ്പിതരുടെയും മാതാപിതാക്കളുടെ സംഗമത്തിൽ മുഖ്യസന്ദേശം നൽകി പ്രസംഗിക്കുകയായിരുന്നു മാർ ജോസ് പുളിക്കൽ.

അനുഗ്രഹമായി സ്വീകരിച്ച മക്കളെ അനുഗ്രഹീത ശുശ്രൂഷയ്ക്കായി സമർപ്പിച്ചപ്പോൾ, നിങ്ങളുടെ മക്കൾ ശുശ്രൂഷ ചെയ്യുന്ന ഇടങ്ങളും നിങ്ങളുടെ കുടുംബങ്ങളും അനുഗ്രഹമാകുമെന്നും മാർ ജോസ് പുളിക്കൽ കൂട്ടിച്ചേർത്തു.

രൂപത ഫാമിലി അപ്പോസ്തലെറ്റിൻറെ നേതൃത്വത്തിൽ നടത്തിയ സംഗമത്തിൽ രൂപത ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ വിശുദ്ധ കുർബാന അർപ്പിച്ചു. കത്തീഡ്രൽ വികാരിയും ആർച്ച്പ്രീസ്റ്റുമായ ഫാ.ഡോ. കുര്യൻ താമരശേരി, രൂപത അനിമേറ്റർ സിസ്റ്റർ റോസ്മി എസ്എബിഎസ്, രൂപത മാതൃവേദി പ്രസിഡൻറ് ജിജി പുളിയംകുന്നേൽ, റീജെൻറ് ബ്രദർ ജെറിൻ വാണിയപ്പുരയ്ക്കൽ, രൂപത, ഫൊറോന, ഇടവക എക്സിക്യൂട്ടീവ് അംഗങ്ങൾ, അനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി. രൂപതയുടെ വിവിധ ഇടവകകളിൽനിന്ന് ആയിരക്കണക്കിന് ആളുകൾ സംഗമത്തിൽ പങ്കെടുത്തു

# വിശ്വ ഹിന്ദു പരിഷത്ത് പതാകാദിനാചരണം ഇന്ന്

**കൊച്ചി:** വിശ്വ ഹിന്ദു പരിഷത്ത് രൂപീകൃതമായതിന്റെ വാർഷികാചരണത്തിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ഇന്ന് പതാകാ ദിനാചരണം നടക്കും. സംസ്ഥാനത്തെ 2000 സ്ഥലങ്ങളിലാണ് പതാക ഉയർത്തുന്നത്. 1964 ലെ ജന്മാഷ്ഠമി ദിനത്തിൽ മുംബൈയിലെ സാന്ദീപനി ആശ്രമത്തിൽ ചിന്മയാനന്ദ സ്വാമികളാണ് സംഘടനയുടെ രൂപീകരണ യോഗം ഉദ്ഘാടനം ചെയ്തത്. സത്സംഗങ്ങൾ, ഗോദാനം, സേവാ പ്രവർത്തികൾ തുടങ്ങി നിരവധി കാര്യക്രമങ്ങൾ സ്ഥാപന ദിനവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ചിട്ടുണ്ട് എന്ന് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ അറിയിച്ചു. സംസ്ഥാന പ്രസിഡണ്ട് വിജി തമ്പി തിരുവനന്തപുരത്തും വർക്കിംഗ് പ്രസിഡണ്ട് വി ആർ രാജശേഖരൻ ചെങ്ങന്നൂരും സംഘടന സെക്രട്ടറി കെ ആർ കണ്ണൻ മൂവാറ്റുപുഴയിലും, ജനറൽ സെക്രട്ടറി അനിൽ വിളയിൽ കോട്ടയത്തും വിവിധ പരിപാടികളിൽ പങ്കെടുക്കും.

# ഉപതെരഞ്ഞെടുപ്പ് 28ന്; വിജ്ഞാപനമിറങ്ങി

**കൊച്ചി:** എറണാകുളം ജില്ലയിൽ നാലു തദ്ദേശ സ്ഥാപനങ്ങളിലെ വാർഡുകളിലേക്ക് 28 ന് തെരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനമിറക്കി. കൊച്ചി കോർപറേഷൻ ഉൾപ്പെടെ നാലു തദ്ദേശ സ്ഥാപനങ്ങളിലെ ഓരോ വാർഡുകളിൽ വീതമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. കൊച്ചി കോർപറേഷനിലെ 19ാം വാർഡ് അയ്യപ്പൻകാവ് (ജനറൽ), വടക്കേക്കര പഞ്ചായത്തിലെ ഒൻപതാം വാർഡ് മടപ്ലാത്തുരുത്ത് കിഴക്ക് (ജനറൽ), പൂതൃക്ക പഞ്ചായത്തിലെ എട്ടാംവാർഡ് കോലഞ്ചേരി ഈസ്റ്റ് (സ്ത്രീ), പാറക്കടവ് പഞ്ചായത്തിലെ നാലാംവാർഡ് പുളിയനം തെക്ക് (സ്ത്രീ) എന്നിവിടങ്ങളിലാണ് ഉപതെരഞ്ഞെടുപ്പ്. 10 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. പത്രികകളുടെ സൂക്ഷ്മപരിശോധന 11ന് നടക്കും. സ്ഥാനാർഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 14. 28ന് രാവിലെ ഏഴു മുതൽ വൈകുന്നേരം ആറു വരെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 29ന് നടക്കും.



സൊസൈറ്റി ടുഡേ
SOCIETY TODAY

### സ്വകാര്യ ബസ് മേഖലയ്ക്ക് ആശ്വാസ നടപടികൾ

# കെ. പത്മകുമാർ കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചു: ബസുകളുടെ കാലാവധി 25 വർഷമാക്കാനും ശുപാർശ

**തിരുവനന്തപുരം:** പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി ഉൾപ്പെടെയുള്ള നടപടികളുടെ പശ്ചാത്തലത്തിൽ പ്രതിസന്ധി നേരിടുന്ന സ്വകാര്യ ബസ് മേഖലയെ സംരക്ഷിക്കുന്നതിനായി കെ. പത്മകുമാർ അധ്യക്ഷനായ പഠന സമിതി സമർപ്പിച്ച റിപ്പോർട്ടിൽ നിരവധി നിർണായക ശുപാർശകൾ. സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ ഗതാഗത മന്ത്രി സി പി ജോൺ വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിൽ സമിതി അധ്യക്ഷൻ കെ. പത്മകുമാർ റിപ്പോർട്ടിലെ പ്രധാന നിർദേശങ്ങൾ വിശദീകരിച്ചു.

നിലവിലെ നികുതി ഘടനയിൽ മാറ്റം വരുത്താതെ സ്വകാര്യ ബസ് ഉടമകൾക്ക് വാഹന നികുതി പ്രതിമാസം അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നാണ് പ്രധാന നിർദേശം. നിലവിൽ വലിയ തുകയായി ഒരുമിച്ച് അടയ്ക്കേണ്ടിവരുന്ന നികുതി പ്രതിമാസമായി അടയ്ക്കാൻ അവസരം ലഭിക്കുന്നത് ഉടമകൾ നേരിടുന്ന സാമ്പത്തിക സമ്മർദം കുറയ്ക്കാൻ സഹായിക്കുമെന്നാണ് വിലയിരുത്തൽ.

കൃത്യമായ അറ്റകുറ്റപ്പണികളും ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങളും ഉറപ്പാക്കുന്ന ബസുകൾക്ക് നിലവിലെ 22 വർഷത്തെ കാലാവധി 25 വർഷമാക്കുന്നതിനായി കേരള മോട്ടോർ വാഹന ചട്ടത്തിൽ ഭേദഗതി വരുത്തണമെന്നും സമിതി ശുപാർശ ചെയ്തു.

കെ എസ് ആർ ടി സിയുടെ യാത്ര ഫ്യൂവൽസ് പമ്പുകളിൽ നിന്ന് സ്വകാര്യ ബസുകൾക്ക് ഡീലർ നിരക്കിൽ ഇന്ധനം ലഭ്യമാക്കണമെന്നും റിപ്പോർട്ടിൽ നിർദേശമുണ്ട്. അവധി ദിവസങ്ങളിൽ സർവീസ് നടത്തുന്നതിനായി അനുവദിക്കുന്ന പ്രത്യേക പെർമിറ്റുകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ഓൺലൈൻ സംവിധാനത്തിലൂടെ വേഗത്തിൽ പെർമിറ്റ് ലഭ്യമാക്കുകയും വേണം.

സുരക്ഷയെ ബാധിക്കാത്ത രീതിയിൽ സ്വകാര്യ ബസുകളിൽ പരസ്യങ്ങൾ പതിക്കുന്നതിന് അനുമതി നൽകണമെന്നും സമിതി നിർദേശിച്ചു. സ്വകാര്യ ബസുകൾക്ക് സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന ഇൻഷുറൻസ് പരിരക്ഷ നൽകുന്ന കാര്യവും സർക്കാർ പരിശോധിക്കണമെന്ന് റിപ്പോർട്ട് ആവശ്യപ്പെടുന്നു. നിലവിൽ സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ ഈടാക്കുന്ന ഉയർന്ന പ്രീമിയം ബസ് ഉടമകൾക്ക് വലിയ സാമ്പത്തിക ബാധ്യതയാകുന്ന സാഹചര്യത്തിലാണ് നിർദേശം.

പ്രിയദർശിനി സർവീസുകൾ നടത്തുന്ന റൂട്ടുകളിൽ സമയക്രമം സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും സമിതി നിർദേശങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെയും സ്വകാര്യ ബസുകളുടെയും സർവീസുകൾ തമ്മിൽ സമയക്രമത്തിൽ ആവശ്യമായ ഏകോപനം ഉറപ്പാക്കാൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനം വേണം. ഇതിനായി മേഖലാ അടിസ്ഥാനത്തിലും സംസ്ഥാന അടിസ്ഥാനത്തിലും ഏകോപന സമിതികൾ രൂപീകരിക്കണമെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു.

സ്വകാര്യ ബസ് സർവീസുകളെ എംഎസ്എംഇ പരിഗണനയോടെ വ്യവസായമായി പ്രഖ്യാപിക്കുക, പ്രിയദർശിനി പദ്ധതിയുടെ ഭാഗമായി സ്വകാര്യ ബസുകളെ വെറ്റ് ലീസ് വ്യവസ്ഥയിൽ കെ എസ് ആർ ടി സി ഉപയോഗിക്കുക തുടങ്ങിയ നിർദേശങ്ങളും സമിതി നേരത്തെ മുന്നോട്ടു വെച്ചിട്ടുണ്ട്.

പൊതുഗതാഗത മേഖലയിലെ വിവിധ സംവിധാനങ്ങളെ ഏകോപിപ്പിച്ച് സമഗ്ര ഗതാഗത നയം രൂപീകരിക്കണമെന്നും ഭാവിയിൽ എല്ലാ പൊതുഗതാഗത സംവിധാനങ്ങളിലും ഉപയോഗിക്കാവുന്ന ഐ ടി അധിഷ്ഠിത മൊബിലിറ്റി കാർഡ് ഘട്ടംഘട്ടമായി നടപ്പാക്കണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സിറ്റിംഗ് നടത്തി ബസുടമകളുടെ പരാതികളും അഭിപ്രായങ്ങളും കേട്ട ശേഷമാണ് സമിതി റിപ്പോർട്ട് തയാറാക്കിയത്.



# തണ്ണീർമുക്കം ബണ്ടിനു മുകളിലൂടെയുള്ള റോഡ് ഇനി ലോക നിലവാരത്തിൽ

**വെച്ചൂർ:** തണ്ണീർമുക്കം ബണ്ടിനു മുകളിലൂടെയുള്ള റോഡിലെ അറ്റകുറ്റപ്പണികൾക്കു തുടക്കമായി. തണ്ണീർമുക്കം പഞ്ചായത്തിൽ നിന്നു ബണ്ടിലേക്കു പ്രവേശിക്കുന്ന ഭാഗത്തെ റോഡിലെ അറ്റകുറ്റപ്പണികൾക്കാണ് തുടക്കമായത്. കുഴികൾ അടച്ച് റോഡിൽ പ്രാഥമിക ടാറിങ് നടത്തി ഗതാഗതയോഗ്യമാക്കാനാണു നിർദേശം. ജലവിഭവ വകുപ്പിന്റെ ഇൻലാൻഡ് നാവിഗേഷൻ വിഭാഗത്തിനാണു നിർമാണ ചുമതല. 1.41 കോടി രൂപയാണു നവീകരണത്തിനായി അനുവദിച്ചിരിക്കുന്നത്. ആലപ്പുഴ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിലാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്.

വെച്ചൂർ പള്ളിയിലെ എട്ട് നോമ്പ് തിരുനാളിന്റെ ഭാഗമായാണ് അടിയന്തിര അറ്റകുറ്റപ്പണികൾ നടക്കുന്നത്. എത്രയും വേഗത്തിൽ ബണ്ടിനു മുകളിലൂടെയുള്ള റോഡിലെ കുഴികൾ അടച്ച് ടാറിങ് നടത്താനാണു നിർദേശം. കഴിഞ്ഞ ദിവസം മന്ത്രി മോൻസ് ജോസഫ് വിളിച്ചു ചേർത്ത യോഗത്തിലാണു റോഡിലെ കുഴികൾ അടച്ച് പ്രാഥമികമായി ടാറിങ് നടത്താൻ തീരുമാനിച്ചത്. വാഹനങ്ങളെ നിയന്ത്രിച്ച് കടത്തി വിട്ടാണ് അറ്റകുറ്റപ്പണികൾ! നടത്തുന്നത്.

വെച്ചൂർ പഞ്ചായത്തിൽ നിന്നും തണ്ണീർമുക്കം പഞ്ചായത്തിൽ നിന്നും പ്രവേശിക്കുന്ന ബണ്ടിന്റെ ഒന്നും രണ്ടും റീച്ചുകൾക്കു മുകളിലൂടെയുള്ള റോഡാണു പൂർണമായും തകർന്നു കിടക്കുന്നത്. ഇവിടെ ഗതാഗതക്കുരുക്കും രൂക്ഷമായിരുന്നു. മധ്യഭാഗത്തെ മൂന്നാം റീച്ചിനു മുകളിലൂള്ള റോഡ് ഗതാഗത യോഗ്യമാണ്. 15നു ശേഷം റോഡിൽ ബിഎംബിസി നിലവാരത്തിൽ ടാറിങ് ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്.

# അറിവും അച്ചടക്കവുമുള്ള തലമുറയെ വാർത്തെടുക്കുന്നതാകണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം: പത്മിനി തോമസ്

**വെട്ടിയാർ:** അറിവും അച്ചടക്കവും ആരോഗ്യവുമുള്ള പുതിയ തലമുറയെ വാർത്തെടുക്കുന്നതാകണം വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമെന്ന് അർജ്ജുന അവാർഡ് ജേതാവും സംസ്ഥാന സ്പോർട്സ് കൗൺസിൽ മുൻ പ്രസിഡന്റുമായ പത്മിനി തോമസ്. വിദ്യാഭ്യാസത്തോടൊപ്പം കലാ-കായിക പ്രവർത്തനങ്ങൾക്കും വിദ്യാർഥികൾ തുല്യ പ്രാധാന്യം നൽകണം. കായിക പരിശീലനങ്ങൾ ആരോഗ്യത്തോടൊപ്പം വ്യക്തി ജീവിതത്തിൽ അച്ചടക്കവും പ്രദാനം ചെയ്യുമെന്നും പത്മിനി തോമസ് പറഞ്ഞു.

വെട്ടിയാർ ടിഎംവിഎം ഹയർ സെക്കൻഡറി സ്കൂളിൽ ശ്രീചിത്തിര തിരുനാൾ ആൻഡ് മാർ ബസേലിയോസ് ട്രോഫികൾക്കായി സംഘടിപ്പിക്കുന്ന അഖില കേരള ഇന്റർ സ്കൂൾ ഫുട്ബോൾ ആൻഡ് ചെസ്സ് ടൂർണമെന്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു പത്മിനി തോമസ്. സ്കൂൾ മാനേജർ ജോൺസൺ കീപ്പള്ളിൽ അധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് ഷീജ യു, പിടിഎ പ്രസിഡന്റ് അരുൺ കുമാർ, സെന്റ് ഗ്രിഗോറിയോസ് വിദ്യാനികേതൻ സ്കൂൾ ഡയറക്ടർ വിനീത ജോൺസൺ, പ്രോഗ്രാം കമ്മിറ്റി കൺവീനറും ബർസാറുമായ രാജേഷ് ബാബു, സ്കൂൾ അഡ്മിനിസ്ട്രേറ്റർ പാപ്പച്ചൻ കീപ്പള്ളിൽ, സ്റ്റാഫ് സെക്രട്ടറി ബെനസീർ ആർ എന്നിവർ പ്രസംഗിച്ചു.

അധ്യാപക ദിനമായ സെപ്റ്റംബർ 5ന് വൈകിട്ട് 3 മണിക്ക് നടക്കുന്ന സമാപന സമ്മേളനവും സമ്മാനദാന ചടങ്ങും മാവേലിക്കര എംപി കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്യും. മാവേലിക്കര എംഎൽഎ എം.എസ്. അരുൺ കുമാർ അധ്യക്ഷത വഹിക്കും. ഡോ. സഖറിയാസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണവും സ്കൂൾ മാനേജർ ജോൺസൺ കീപ്പള്ളിൽ ആമുഖ പ്രഭാഷണവും നടത്തും. എഴുത്തുകാരൻ ജോർജ് തഴക്കര മുഖ്യപ്രഭാഷണം നിർവ്വഹിക്കും.

ഫ്രാൻസിൽ നടന്ന വേൾഡ് എക്സ്പോയിൽ കഴിവ് തെളിയിച്ച മുൻ വിദ്യാർഥി ആനന്ദബോധിക്ക് ചടങ്ങിൽ അനുമോദനം നൽകും. കീപ്പള്ളിൽ എജ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ സൊസൈറ്റി പ്രഖ്യാപിച്ച ഭവന പുനർനിർമ്മാണ പദ്ധതിയുടെ സാമ്പത്തിക സഹായ വിതരണം പഞ്ചായത്ത് പ്രസിഡന്റ് ഷീലാ രവീന്ദ്രൻ ഉണ്ണിത്താൻ നിർവ്വഹിക്കും. ചടങ്ങിൽ അധ്യാപന സേവനത്തിൽ ഇരുപത്തിയഞ്ച് വർഷം പൂർത്തിയാക്കിയ ഗുരുക്കന്മാരെ ആദരിക്കും.

# അമലയിൽ ദേശീയ സമ്മേളന ബ്രോഷർ മന്ത്രി മുരളീധരൻ പ്രകാശനം ചെയ്തു




**തൃശൂർ:** അമല കോളജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസും അമല ഹോസ്പിറ്റൽ റേഡിയോളജി ഡിപ്പാർട്ട്മെന്റും സംയുക്തമായി സംഘടിപ്പിക്കുന്ന 'റാഡ് അലർട്ട് 26' ദേശീയ സമ്മേളനത്തിൻറെ ബ്രോഷർ പ്രകാശനം ആരോഗ്യമന്ത്രി കെ. മുരളീധരൻ നിർവഹിച്ചു.

റേഡിയോളജിരംഗത്തെ അത്യാധുനിക സാങ്കേതികവിദ്യകളും സുരക്ഷാമാനദണ്ഡങ്ങളും ചർച്ച ചെയ്യുന്നതിനായി സംഘടിപ്പിക്കുന്ന സമ്മേളനം 29ന് അമല കോൺഫറൻസ് ഹാളിൽ നടക്കും. എംആർ ഇമേജിംഗിൽ എഐ സാങ്കേതികവിദ്യയുടെ ഉപയോഗം എന്ന വിഷയത്തിൽ തിരുവനന്തപുരം എസ് സിടിഐഎംഎസിടിയിലെ സീനിയർ ഇമേജിംഗ് ടെക്നോളജിസ്റ്റ് മഹേഷ് പരമേശ്വരൻ, റേഡിയേഷൻ അപകടങ്ങളും പ്രതിരോധവും എന്ന വിഷയത്തിൽ ചെന്നൈ എസ്ആർഐഎച്ച്ഇആർ അഡ്ജക്റ്റ് ഫാക്കൽറ്റി ഓഫ് മെഡിക്കൽ ഫിസിക്സ് പ്രഫ. എസ്. പനീർസെൽവം എന്നിവർ ക്ലാസ് നയിക്കും.

എംആർഐയിലെ എഐ സാങ്കേതികവിദ്യയും ടെക്നീഷ്യൻറെ ദൈനംദിനപ്രവർത്തനങ്ങളും: അഡ്വാൻസ്ഡ് ക്ലിനിക്കൽ ആപ്ലിക്കേഷൻ, സിടി സ്കാനിംഗിലെ പുതിയ എഐ ടൂളുകൾ എന്നീ വിഷയങ്ങളിൽ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽനിന്നുള്ള വിദഗ്ധരും ക്ലാസെടുക്കും.

# തണലൊരുക്കി വളർത്താം; കൊക്കോ കൃഷി ചെയ്യുമ്പോൾ അറിയേണ്ട കാര്യങ്ങൾ

നനയ്ക്കാനുള്ള സൗകര്യമുണ്ടെങ്കിൽ കൊക്കോയുടെ പ്രധാന നടീൽകാലമായ ജൂൺജൂലായ് കഴിഞ്ഞും നടാം. തൈകൾക്ക് 50 ശതമാനമെങ്കിലും തണൽ കിട്ടാനുള്ള സൗകര്യം നിർബന്ധമായും ചെയ്യണം. ഇതിന് ആദ്യത്തെ ഒന്നുരണ്ടു വർഷക്കാലം തെങ്ങോലയോ, തണൽവലയോ ഉപയോഗിക്കാം.

പുതയിടാൻ തേങ്ങയുടെ തൊണ്ടോ, കരിയിലകളോ, വാഴപ്പോളയോ ലഭ്യത അനുസരിച്ചു ഉപയോഗിക്കാം. തെങ്ങിൻ തോപ്പിലോ, കമുകിൻ തോട്ടത്തിലോ ലഭ്യമായ പ്രകൃതിദത്തമായ സൂക്ഷ്മകാലാവസ്ഥയിൽ ഇടവിളയായി വളർത്താൻ ശ്രമിക്കണം.

തൈ ആയിരിക്കുമ്പോൾ 50 ശതമാനം തണലാണ് വേണ്ടതെങ്കിൽ കുറച്ചുകൂടെ വളർന്നാലും തണലിന്റെ ആവശ്യം 40 ശതമാനം ആണ്. തെങ്ങിൻ തോപ്പിൽ നടുമ്പോൾ നൽകേണ്ട അകലം 7.5 ž 7.5 മീറ്ററാണ്. അതായത് രണ്ടു വരി തെങ്ങുകൾക്കിടയിൽ മൂന്നു മീറ്റർ വിട്ട് ഒരു വരി കൊക്കോ തൈകൾ. രണ്ടു തെങ്ങുകൾക്കു നടുവിൽ ഒരു കൊക്കോ തൈ. കമുകിൻ തോട്ടത്തിൽ ഇത് 2.7 X 2.7 എന്നതാണ്. ഇവിടെ രണ്ടു വരി അടയ്ക്കാമരങ്ങൾക്കിടയിൽ 2.7 മീറ്റർ വിട്ട് ഒരു വരി തൈകൾ. നടീൽ: 50 സെന്റീമീറ്റർ വീതം നീളം, വീതി, ആഴമുള്ള കുഴികളെടുത്തു അവയിൽ മേൽമണ്ണ്, ഉണങ്ങിയ ചാണകം, ഡോളോമൈറ്റ് എന്നിവ കലർത്തിയ മിശ്രിതം നിറയ്ക്കുക. തുടർന്ന് കുഴിയുടെ നടുവിലായി ഒരു പിള്ളക്കുഴിയെടുക്കുക. തൈ വളർത്തിയിരിക്കുന്ന പോളിത്തീൻ കവറിലെ മൺ മിശ്രിതം പോകാതെ വേരുകൾക്ക് ഇളക്കം തട്ടാതെ കവറിൽ നിന്ന് തൈ ഇളക്കി നടുക. ആഴത്തിൽ നടേണ്ടതില്ല. തടത്തിൽ മണ്ണ് അമർത്തിക്കൊടുക്കുക. തൈകൾ കാറ്റത്തു മറിയാതിരിക്കാൻ ഊന്നു കൊടുക്കുകയും വേണം.

വളർച്ചയുടെ ആദ്യവർഷം ഒരു തൈക്കു ഒരു ദിവസം മൂന്നു മുതൽ അഞ്ച് ലിറ്റർ വരെ വെള്ളം വേണം. ഇതുതന്നെ രണ്ടാം വർഷമാകുമ്പോൾ 10 ലിറ്റർ വരെ വെള്ളം വേണം. മൂന്നു വർഷവും അതിനുശേഷവും ദിവസവും 2025 ലിറ്റർ വെള്ളം.

കായ്കൾ ഉണ്ടാകുന്നത് മരത്തിന്റെ തടിയിലാണ്. തടികളിൽ സൂര്യപ്രകാശം പതിക്കുന്നതിന് തടസ്സമാകുന്നത് തിങ്ങിവളരുന്ന ചെറുശിഖരങ്ങളാണ്. അത്തരം ശിഖരങ്ങൾ മുറിച്ചുനീക്കി മരത്തിന്റെ ആകൃതിയും വലുപ്പവും ക്രമീകരിക്കണം.



ഇത്തരത്തിൽ കൊമ്പുകൾ മുറിച്ചു നീക്കിയാൽ മുറിവുകളിൽ ബോർഡോ കുഴമ്പ് തേക്കാനും ശ്രദ്ധിക്കണം. കൊമ്പുകോതാൻ പറ്റിയത് ജൂലായ് ഓഗസ്റ്റ് മാസങ്ങളാണ്. തെങ്ങിൻതോപ്പിലാണ് കൃഷിയെങ്കിൽ കൊക്കോയുടെ ഉയരം നിയന്ത്രിക്കാൻ രണ്ടു തട്ടുകളായി നിർത്തുകയും വേണം.

# സ്മാൾ ഹൈവ് വണ്ടുകളുടെ ആക്രമണം; തേനീച്ചക്കർഷകർക്ക് പുതിയ വെല്ലുവിളി

തേനീച്ചക്കൂട്ടിൽ മുട്ടയിട്ടു വളരുന്ന സ്മാൾഹൈവ് വണ്ടുകൾ കർഷകരുടെ ഉറക്കംകെടുത്തുന്നു. തമിഴ്നാട്കേരള അതിർത്തിയിലെ മീനാക്ഷിപുരത്ത് വണ്ടുകളുടെ ആക്രമണം ആശങ്കസൃഷ്ടിക്കുന്നുണ്ടെന്ന് കർഷകർ പറയുന്നു. വണ്ടുകൾ കൂട്ടത്തോടെ മുട്ടയിട്ടതിനെത്തുടർന്ന്, ലാർവകൾ നശിപ്പിച്ച കൂടുകൾ ജൂലായിൽ തീയിട്ട് നശിപ്പിച്ചുവെന്ന് കർഷകർ പറഞ്ഞു.

തേനീച്ചക്കോളനികളെ മുഴുവനായും നശിപ്പിക്കാൻ കെല്പുള്ള പ്രത്യേകതരം വണ്ടുകളാണിവ. തേനീച്ചകളുടെ മുട്ട, ലാർവ, തേൻ എന്നിവയുടെ ഉത്പാദനം ഗണ്യമായി കുറയ്ക്കാൻ ഇവയ്ക്കു സാധിക്കും. അതിസൂക്ഷ്മ ഘ്രാണശക്തിയുള്ള ഇവ മൈലുകളോളം സഞ്ചരിക്കും. ചുവപ്പു കലർന്ന തവിട്ടു/ കറുപ്പ് നിറത്തിലുള്ള ഇവയുടെ ശരീരം രോമാവൃതമാണ്. ലാർവകൾക്ക് മെഴുക് പുഴുവിനോടാണ് സാമ്യം.

**ആക്രമണം തിരിച്ചറിയാം**

തേനീച്ചക്കൂടുകളുടെ പുറത്താണ് ഈ വണ്ടുകൾ മുട്ടയിടുക. അടച്ചുവെച്ച അറകളിൽ ചെറിയ ദ്വാരമുണ്ടാക്കി മുട്ടയിടാനും പൂർണവളർച്ചയെത്തിയ വണ്ടുകൾക്ക് കഴിയും. മുട്ട വിരിഞ്ഞുണ്ടാവുന്ന പുഴുക്കൾ തേനീച്ചക്കൂട്ടിലെ മെഴുകും തേനും ഭക്ഷിക്കുന്നതോടെ കൂടിന്റെ ആകൃതി നഷ്ടമാകും. ഘടനയും പ്രത്യേക അറകളുടെ ക്രമീകരണവും ഇല്ലാതാകും. ഇതോടെ കൂടിനുള്ളിലെ തേനും മുട്ടകളും ഇവയുടെ അവശിഷ്ടവും കൂടിക്കലരും. ഇത് തേൻ പുളിക്കാൻ കാരണമാകും. ഇവയുടെ ആക്രമണമുണ്ടായാൽ കൂടിന് പുറത്തേക്ക് തേൻ ഒഴുകുന്ന നിലയിൽ കാണപ്പെടുന്നതാണ് പ്രധാന ലക്ഷണം.



**ശ്രദ്ധിക്കേണ്ടത് എന്തെല്ലാം**

തേനീച്ചക്കൃഷി നടത്തുമ്പോൾ കൂടുകളിൽ. കൃത്യമായ ഇടവേളകളിലുള്ള പരിശോധന വേണം. മഴക്കാലങ്ങളിൽ തേനീച്ചകൾക്ക് ആവശ്യമായ പഞ്ചസാരവെള്ളം കൃത്യമായി നൽകണം. തേനീച്ചക്കോളനി ദുർബലമാവാതെ സൂക്ഷിക്കാനാണിത്. ശക്തമായ കോളനികൾക്ക് ഒരു പരിധിവരെ കീടാക്രമണങ്ങളെ പ്രതിരോധിക്കാനാകും.

**അധികൃതരെ അറിയിക്കണം**

'ഇത്തരം പ്രശ്നങ്ങൾ കണ്ടാൽ അധികൃതരെ അറിയിക്കണം. തേനീച്ചക്കർഷകർ കൂടുകൾ വാങ്ങുമ്പോൾ അതി ശ്രദ്ധ വേണം. കൃത്യമായ പരിശീലനമോ വിദഗ്ധരുടെ നിർദേശമോ കൂടാതെ കൂടുകൾ വാങ്ങരുത്. കേരളത്തിൽ ഇത് വ്യാപകമായ രീതിയിൽ റിപ്പോർട്ട് ചെയ്യപ്പെടുകയോ പഠനങ്ങൾ നടക്കുകയോ ചെയ്തിട്ടില്ല. അയൽ സംസ്ഥാനങ്ങളിൽ ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവരുന്നത് കേരളത്തിലെ കർഷകർക്കും ആശങ്ക സൃഷ്ടിക്കുന്നുണ്ട്.' വെള്ളാനിക്കര കാർഷിക കോളേജ് മുൻ ഡീനും എന്റമോളജി വിഭാഗം മുൻ മേധാവിയുമായ ഡോ. മണിചെല്ലപ്പൻ പറഞ്ഞു.

**കൂടും പരിസരവും വൃത്തിയായി സൂക്ഷിക്കണം**

തേനീച്ചക്കൂട്ടിൽ ലാർവകളെ കണ്ടാൽ മണ്ണിൽ അലക്ഷ്യമായി ഇടരുത്. കുറച്ച് വെള്ളത്തിൽ മണ്ണെണ്ണയോ ഡീസലോ ചേർത്ത മിശ്രിതം ഇവയെ നശിപ്പിക്കാൻ ഉപയോഗിക്കാം. കൂടിന്റെ പരിസരവും വൃത്തിയാക്കണം. ജൈവനിയന്ത്രണത്തിനുള്ള കുമിളുകളായ മെറ്റാറൈസിയം ആനിസോപ്ളിയേ, ബ്യുവേറിയ ബാസിയാന എന്നിവ പ്രയോഗിക്കാം. പൊടിരൂപത്തിലുള്ള ഇവ വെള്ളത്തിൽ കലർത്തി മിശ്രിതമാക്കി മണ്ണിൽ തളിക്കാം. ഒരു ലിറ്റർ വെള്ളത്തിന് 20 ഗ്രാം ബ്യുവേറിയ, ഒരു ലിറ്റർ വെള്ളത്തിന് 10 ഗ്രാം മെറ്റാറൈസിയം എന്നതാണ് കണക്ക്. വേപ്പിൻപിണ്ണാക്ക് കൂടിന് താഴെയായി ഉപയോഗിക്കാം.

# ഓക്സിജനിൽ ഓണം കലാശക്കൊട്ട്: ഓഫറുകൾ 10 വരെ

**കോട്ടയം:** ഓണം തിരക്കുകൾക്കിടയിൽ മികച്ച ഓഫറുകൾ സ്വന്തമാക്കാൻ സാധിക്കാതെപോയ ഉപഭോക്താക്കൾക്കായി വൻ വിലക്കുറവും ആനുകൂല്യങ്ങളുമായി പ്രമുഖ ഡിജിറ്റൽ ആൻഡ് ഹോം അപ്ലെയൻസ് റീട്ടെയിൽ ശൃംഖലയായ ഓക്സിജൻ ഓണം കലാശക്കൊട്ട് പ്രഖ്യാപിച്ചു.

10 വരെ നീളുന്ന ഈ മെഗാ സെയിൽ കാലയളവിൽ മുൻനിര ബ്രാൻഡുകളുടെ ഉത്പന്നങ്ങൾക്ക് 50 ശതമാനത്തിലധികം വരെ വിലക്കുറവാണ് ഓക്സിജൻ ലഭ്യമാക്കുന്നത്. ഏറ്റവും പുതിയ സാങ്കേതികവിദ്യയിലുള്ള പ്രീമിയം ഗാഡ്ജറ്റുകളും ഗാർഹിക ഉപകരണങ്ങളും വാങ്ങുന്ന ഉപഭോക്താക്കൾക്കായി 30 കോടി രൂപയുടെ ബമ്പർ സമ്മാനങ്ങളും ഓഫറുകളുമാണ് ഓക്സിജൻ ഒരുക്കിയിരിക്കുന്നത്.

ഡിജിറ്റൽ, ഗാഡ്ജറ്റ് വിഭാഗത്തിൽ സമാനതകളില്ലാത്ത ഓഫറുകളാണ് ഇത്തവണ അവതരിപ്പിച്ചിരിക്കുന്നത്. ഓക്സിജനിൽനിന്ന് സ്മാർട്ട്ഫോണുകൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് 15,000 രൂപ വരെ വിലമതിക്കുന്ന ഇഷ്ട ഗാഡ്ജറ്റുകൾ സമ്മാനമായി തെരഞ്ഞെടുക്കാനുള്ള അവസരമുണ്ട്.

5ജി സ്മാർട്ട്ഫോണുകൾ വെറും 13,900 രൂപ മുതലും മറ്റ് മൊബൈൽ ഫോണുകൾ 9,999 രൂപ മുതലും ലഭ്യമാണ്. ലാപ്ടോപ്പുകൾ വാങ്ങുന്നവർക്ക് പ്രത്യേക ഓണം ലാപ്ടോപ്പ് കിറ്റ് സൗജന്യമായി ലഭിക്കുന്നതോടൊപ്പം 29,990 രൂപ മുതൽ ലാപ്ടോപ്പുകൾ സ്വന്തമാക്കാം. കൂടാതെ, വിവിധ ഡിജിറ്റൽ അക്സസറികൾക്കും ഗാഡ്ജെറ്റുകൾക്കും 70 ശതമാനം വരെ വിലക്കുറവും അനുവദിച്ചിട്ടുണ്ട്.

ഹോം ആൻഡ് കിച്ചൺ അപ്ലയൻസസ് പ്രോഡക്റ്റുകൾക്ക് വൻ നിരക്കിളവുകളും ഫിനാൻസ് ആനുകൂല്യങ്ങളുമാണ് ഓക്സിജൻ ഒരുക്കിയിട്ടുള്ളത്. പ്രമുഖ ബ്രാൻഡുകൾ നൽകുന്ന ഓഫറുകൾക്ക് പുറമെ തെരഞ്ഞെടുക്കപ്പെട്ട ടിവി മോഡലുകൾക്ക് 5,000 രൂപയുടെ സ്പെഷ്യൽ ഡിസ്കൗണ്ട് ഓക്സിജൻ നേരിട്ട് നൽകുന്നു.

കൂടാതെ എൽഇഡി ടിവികൾ വെറും 7,999 രൂപ മുതലും വാഷിംഗ് മെഷീനുകൾ 7,499 രൂപ മുതലും സിംഗിൾ ഡോർ റഫ്രിജറേറ്ററുകൾ 11,499 രൂപ മുതലും ആരംഭിക്കുനനു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ഹോം അപ്ലയൻസുകൾക്ക് ഒരു മാസത്തെ ഇഎംഐ തികച്ചും സൗജന്യമാക്കി നൽകുന്നതോടൊപ്പം, കിച്ചൺ അപ്ലയൻസുകളുടെ സെലക്റ്റഡ് മോഡലുകൾക്ക് ബൈ വൺ ഗെറ്റ് വൺ ഓഫറും ഒരുക്കിയിട്ടുണ്ട്.



## വിദേശ രജിസ്ട്രേഷൻ കാറുകളിൽ ഇനി കേരളത്തിലും താത്കാലിക യാത്ര ചെയ്യാം

**കൊച്ചി:** വിദേശത്തു രജിസ്റ്റർ ചെയ്ത വാഹനങ്ങൾ കേരളത്തിൽ താത്കാലികമായി ഉപയോഗിക്കാനുള്ള നടപടികളുമായി മോട്ടോർവാഹന വകുപ്പ്. വിദേശ വാഹനങ്ങൾക്കു ഹ്രസ്വകാല നികുതി അടച്ച് ഇവിടെ സർവീസ് നടത്താനുള്ള അനുമതി വേഗത്തിൽ നൽകും.

ദുബായ് രജിസ്ട്രേഷനിലുള്ള ആഡംബര വാഹനത്തിന്റെ ഹ്രസ്വകാല നികുതി ഉടമ എറണാകുളം സ്വദേശി പ്രശോഭ് ശശിധരൻ പാറപ്പുറം കഴിഞ്ഞദിവസം എറണാകുളം എൻഫോഴ്സ്മെൻറ് ആർടിഒ ഓഫീസിൽ അടച്ച് അനുമതി പത്രം വാങ്ങി. പ്രശോഭ് ദുബായിൽനിന്ന് മുംബൈ തുറമുഖം വഴിയാണ് കാർ കൊണ്ടുവന്നത്. അടുത്ത വർഷം ജൂലൈ 14 വരെ ഈ വിദേശ വാഹനം ഇവിടെ ഓടിക്കാനുള്ള അനുമതിയുണ്ട്. ആറു മാസത്തേക്ക് 35,000 രൂപയാണ് നികുതി.

കാലാവധി കഴിഞ്ഞാൽ വാഹനം വിദേശത്തേക്കുതന്നെ കൊണ്ടുപോകണം. പ്രത്യേക സാഹചര്യത്തിൽ അപേക്ഷ നൽകിയാൽ ആറുമാസം കൂടി കാലാവധി നീട്ടാം. എന്നാൽ, പരമാവധി ഒരു വർഷം മാത്രമേ വാഹനം ഇന്ത്യയിൽ സൂക്ഷിക്കാനാകൂ. കാലവധി കഴിഞ്ഞും ഇവിടെ തുടരുകയോ നിയമം ലംഘിക്കുകയോ ചെയ്താൽ വാഹനം പിടിച്ചെടുക്കുന്നതിനൊപ്പം കസ്റ്റംസ് ഡ്യൂട്ടിയും പിഴയും ഈടാക്കും.

വാഹനം കേരളത്തിൽ എത്തിച്ചിട്ടു വിദേശ നമ്പറിൽ തന്നെ ഓടാം. റേസിംഗ്, ഓഫ് റോഡ് റാലി തുടങ്ങിയ മത്സരങ്ങളിൽ ഇത്തരം വാഹനങ്ങൾ ഉപയോഗിക്കാൻ അനുമതിയില്ല. പ്രവാസികളുടെയും കുടുംബാംഗങ്ങളുടെയും യാത്രയ്ക്കും വിനോദ സഞ്ചാര ആവശ്യങ്ങൾക്കും മാത്രമായിട്ടായിരിക്കണം വാഹനം ഉപയോഗിക്കേണ്ടത്.

വിദേശത്തുനിന്ന് സ്വന്തം വാഹനങ്ങളുമായി കേരളത്തിലെത്തുന്ന പ്രവാസികൾക്കും വിദേശസഞ്ചാരികൾക്കും കൂടുതൽ സൗകര്യമൊരുക്കുന്നതിനൊപ്പം സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്കും പദ്ധതി ഗുണകരമാകുമെന്നാണ് മോട്ടോർ വാഹനവകുപ്പിൻറെ വിലയിരുത്തൽ.

# ഓണം പരസ്യവിപണി കൈയടക്കി വളപ്പില

**തൃശൂർ:** ഓണം പരസ്യവിപണിയിൽ വമ്പൻ മുന്നേറ്റവുമായി പ്രമുഖ പരസ്യ ഏജൻസി വളപ്പില കമ്യൂണിക്കേഷൻസ്. മാധ്യമങ്ങളിലെ പരസ്യസാന്നിധ്യത്തിനൊപ്പം ബിസിനസ് മൂല്യത്തിൽ ഈ ഓണക്കാലത്ത് 20 കോടിയോളം രൂപയുടെ റിക്കാർഡ് ബിസിനസാണ് വളപ്പില സ്വന്തമാക്കിയത്.

പ്രിൻറ്, ഡിജിറ്റൽ, ഔട്ട്ഡോർ, റേഡിയോ, ടിവി, സോഷ്യൽമീഡിയ തുടങ്ങി മുഴുവൻ മീഡിയ പ്ലാറ്റ്ഫോമുകളിലും വളപ്പില നേട്ടമുണ്ടാക്കി.

കേരളത്തിലെ മുൻനിര പബ്ലിക്കേഷൻ സ്ഥാപനങ്ങൾക്കും ദൃശ്യശ്രവ്യ മാധ്യമങ്ങൾക്കും ഏറ്റവും കൂടുതൽ പരസ്യവരുമാനം നേടിക്കൊടുക്കുന്ന ഏജൻസിയെന്ന റിക്കാർഡ് കാൽനൂറ്റാണ്ടിനുമേലെയായി വളപ്പില കമ്യൂണിക്കേഷൻസ് നിലനിർത്തുന്നു.

വൻകിട ബ്രാൻഡുകളുടെ പരസ്യങ്ങൾ ശരിയായ രീതിയിൽ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിക്കുന്നതിലുള്ള കൃത്യതയും ബ്രാൻഡുകൾക്ക് പരമാവധി റീച്ച് ഉറപ്പാക്കാൻ കഴിഞ്ഞതുമാണ് വളപ്പിലയുടെ വിജയരഹസ്യം.

ഈ ഓണക്കാലത്ത് നൂറോളം പ്രമുഖ റീട്ടെയിൽ ബ്രാൻഡുകളുടെ ഓണം ക്യാമ്പയ്നുകൾ വിജയകരമായി പൂർത്തീകരിച്ചതു വളപ്പിലയാണ്. എല്ലാ ക്ലയൻറുകൾക്കും മികച്ച ഓണം ബിസിനസ് ഉണ്ടാക്കിക്കൊടുക്കാൻ സാധിച്ചു എന്നതാണു തങ്ങളുടെ ഏറ്റവും വലിയ നേട്ടമെന്ന് വളപ്പില കമ്യൂണിക്കേഷൻസ് മാനേജിംഗ് ഡയറക്ടർ ജയിംസ് വളപ്പില പറഞ്ഞു.

ദക്ഷിണേന്ത്യയിൽ നിലവിൽ ഒമ്പതു ശാഖകളുള്ള കേരളത്തിലെ മുൻനിര പരസ്യ ഏജൻസിയാണു വളപ്പില കമ്യൂണിക്കേഷൻസ്.

# അഡോബിയെ നയിക്കാൻ അനിൽ ചക്രവർത്തി, വീണ്ടും ഇന്ത്യക്കാരൻ, വഴിമാറി ശന്തനു നാരായൺ

**ന്യൂദൽഹി:** അമേരിക്കൻ ബഹുരാഷ്ട്ര ഡിസൈൻ സോഫ്റ്റ്!വെയർ ഭീമനായ അഡോബിയെ നയിക്കാൻ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടത് ഇന്ത്യക്കാരൻ. പദവി ഒഴിയുന്ന നിലവിലെ സിഇഒ ശന്തനു നാരായണിന്റെ പകരക്കാരനായി എത്തുന്നത് അനിൽ ചക്രവർത്തിയാണ്. കഴിഞ്ഞ 18 വർഷമായി അഡോബിയെ നയിക്കുന്ന ശന്തനു ഈ വർഷം മാർച്ചിലാണ് സിഇഒ സ്ഥാനം ഒഴിയുമെന്ന് പ്രഖ്യാപിച്ചത്. അഡോബിയുടെ എക്സിക്യൂട്ടീവ് ചെയർമാനായി ശന്തനു തുടരും.

നിലവിൽ അഡോബിയിൽ കസ്റ്റമർ എക്സ്പീരിയൻസ് ഓർക്കെസ്ട്രേഷൻ ബിസിനസ് മേധാവിയാണ് അനിൽ ചക്രവർത്തി. 2020ൽ ആണ് അഡോബിയിൽ ചേർന്നത്. അതിനുമുൻപ് ഇൻഫോമാറ്റിക്കയുടെ സിഇഒ ആയിരുന്നു. സിമാൻടെക്, വെരിസൈൻ, മക്കിൻസി എന്നിവയിലും പ്രവർത്തിച്ചിട്ടുണ്ട്. ഡിസംബർ ഒന്നിനാണ് അദ്ദേഹം അഡോബി സിഇഒ പദവി ഏറ്റെടുക്കുക.

വാരാണസിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ്ങിൽ ബി.ടെക് നേടിയിട്ടുള്ള അനിൽ ചക്രവർത്തി, യുഎസിലെ മാസച്യുസിറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എം.എസ്; പിഎച്ച്.ഡി ബിരുദങ്ങളും നേടിയിട്ടുണ്ട്. പ്രമുഖ യുഎസ് ടെക് കമ്പനികളുടെ തലപ്പത്ത് ഉന്നതസ്ഥാനം വഹിക്കുന്ന ഇന്ത്യക്കാരിൽ ഒരാളായി മാറുകയാണ് പുതിയ ദൗത്യത്തിലൂടെ അനിൽ ചക്രവർത്തിയും.

സിഇഒ പദവിയിൽ അനിലിനെ കാത്തിരിക്കുന്നത് വൻ വെല്ലുവിളികളാണ്. സോഫ്റ്റ്!വെയർ ബിസിനസ്സുകളെ നിർമിതബുദ്ധി (എഐ) തകർക്കുമെന്ന ആശങ്കകളാണ് അതിലൊന്ന്.

2023ൽ എഐ തരംഗം പൊട്ടിമുളച്ചശേഷം ഇതുവരെ അഡോബി ഓഹരികൾ നേരിടുന്നതും ഇടിവാണ്. 2024ൽ 25%, 2025ൽ 21%, 2026ൽ ഇതുവരെ 18% എന്നിങ്ങനെ നഷ്ടം ഓഹരിവില നേരിട്ടുകഴിഞ്ഞു.



ശന്തനു നാരായൺ, അനിൽ ചക്രവർത്തി




# സിമ്പിൾ വേവ് പുതിയ സ്കൂട്ടറുകൾ പുറത്തിറക്കി

**കൊച്ചി:** ഇന്ത്യൻ ഓട്ടോമൊബൈൽ കമ്പനിയായ സിമ്പിൾ എനർജിയുടെ ആദ്യ കുടുംബ ഇലക്ട്രിക് സ്കൂട്ടറായ സിമ്പിൾ വേവ് പുറത്തിറക്കി. ഇന്ത്യൻ കുടുംബങ്ങൾക്കായി രൂപകൽപ്പന ചെയ്തിട്ടുള്ള സിമ്പിൾ വേവ് എസ്, സിമ്പിൾ വേവ്, സിമ്പിൾ വേവ് + എന്നീ നിരകളിലെ ആറ് മോഡലുകളാണ് കമ്പനി വിപണിയിലെത്തിച്ചത്.

വ്യത്യസ്ത ബാറ്ററി ശേഷികൾ, ഡിസ്പ്ലേ സാങ്കേതികവിദ്യകൾ, കണക്റ്റഡ് സവിശേഷതകൾ എന്നിവയുള്ള സ്കൂട്ടറുകളിൽനിന്നും ഉപഭോക്താക്കൾക്ക് അവരുടെ യാത്രാ ആവശ്യകതകൾക്ക് അനുസരിച്ച് ഇഷ്ടവാഹനം തിരഞ്ഞെടുക്കാം.

5 കെഡബ്ല്യൂഎച്ച് ബാറ്ററി പായ്ക്ക് നൽകുന്ന സിമ്പിൾ വേവ് + ആണ് ഈ ശ്രേണിയിൽ മുന്നിൽ നിൽക്കുന്നത്. 243 കിലോമീറ്റർ ഐഡിസി റേഞ്ചും മണിക്കൂറിൽ 90 കിലോമീറ്റർ പരമാവധി വേഗതയും നൽകുന്ന ഈ സ്കൂട്ടറിൽ 6.4 കെ ഡബ്ല്യൂ പിഎംഎസ്എം മോട്ടോർ സജ്ജീകരിച്ചിരിക്കുന്നു. 179 എൻ എം വീൽ ടോർക്ക് ഉത്പാദിപ്പിക്കുന്നു ഇത് . 3.7 കെഡബ്ല്യൂഎച്ച്, 2.7 കെഡബ്ല്യൂഎച്ച്, 2.2 കെഡബ്ല്യൂഎച്ച് ബാറ്ററി കോൺഫിഗറേഷനുകളും ഈ നിരയിൽ ലഭ്യമാണ്. ഇവ യഥാക്രമം 171 കിലോമീറ്റർ, 110 കിലോമീറ്റർ (ഐഡിസി ) വരെയുള്ള റേഞ്ചുകൾ നൽകുന്നു. എല്ലാ വേരിയന്റുകളിലും റൈഡ്, ഇക്കോ, ഇക്കോ എക്സ് എന്നിവയുൾപ്പെടെ ഒന്നിലധികം റൈഡിംഗ് മോഡുകൾ ഉണ്ട്. അതേസമയം ഉയർന്ന വേരിയന്റുകളിൽ മെച്ചപ്പെട്ട പ്രകടനത്തിനായി സ്പോർട് മോഡും ലഭിക്കുന്നു.

ഇന്ത്യൻ കുടുംബങ്ങൾ സ്കൂട്ടറുകൾ ദിവസവും ഉപയോഗിക്കുന്ന രീതിക്കനുസൃതമായി രൂപകൽപ്പന ചെയ്തിരിക്കുന്ന സിമ്പിൾ വേവ് പ്രായോഗികത, സാങ്കേതികവിദ്യ, സുഖസൗകര്യങ്ങൾ എന്നിവ നൽകുന്നു.

243 കിലോമീറ്റർ വരെ ഐഡിസി റേഞ്ചുള്ള സിമ്പിൾ വേവ് സ്കൂട്ടറുകൾ 70 ലിറ്റർ വരെ സ്റ്റോറേജ് സ്പേസ് നൽകുന്നു. ഇതിൽ 4 ലിറ്റർ ശേഷിയുള്ള ഓക്സിലറി സ്റ്റോറേജ് കമ്പാർട്ട്മെന്റായ പിൽ, 63 ലിറ്റർ വരെ ശേഷിയുള്ള അണ്ടർസീറ്റ് കമ്പാർട്ട്മെന്റ്, 3 ലിറ്റർ ഗ്ലൗ ബോക്സ് എന്നിവ ഉൾപ്പെടുന്നു. ഇന്ത്യൻ കുടുംബങ്ങളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമാണിത്. വില 1,09,999 രൂപ (എക്സ് ഷോറൂം) മുതൽ ആരംഭിക്കുന്നു.

# ജയ്പൂർ ലിറ്ററി ഫെസ്റ്റിന്റെ 20ാം പതിപ്പ് ജനുവരിയിൽ

**കൊച്ചി:** ജയ്പൂർ ലിറ്ററി ഫെസ്റ്റിന്റെ 20ാം പതിപ്പ് 2027 ജനുവരി 14 മുതൽ 18 വരെ. രാജസ്ഥാൻ സർക്കാരിന്റെ സഹകരണത്തോടെ നടക്കുന്ന ഫെസ്റ്റിവലിൽ സാഹിത്യം, സംസ്കാരം, വിദ്യാഭ്യാസ , കല എന്നീ മേഖലകളിൽ നിന്നുള്ള പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കും. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ, ജയ്പൂരിലെ എഴുത്തുകാരുടെയും വായനക്കാരുടെയും ഒരു ഒത്തുചേരലിൽ നിന്ന് ലോകത്തിലെ തന്നെ ഏറ്റവും ശ്രദ്ധേയമായ സാഹിത്യ വേദികളിലൊന്നായി ജയ്പൂർ ലിറ്ററേച്ചർ ഫെസ്റ്റിവൽ വളർന്നു. ഇന്ത്യയിലും ലോകമെമ്പാടുമുള്ള പ്രേക്ഷകർ സാഹിത്യത്തെ അനുഭവിക്കുകയും ചർച്ച ചെയ്യുകയും സമീപിക്കുകയും ചെയ്യുന്ന രീതിയിൽ തന്നെ ഈ ഫെസ്റ്റിവൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കി.

ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് രാജ്യത്തിന്റെ സാഹിത്യ പൈതൃകത്തിലും ഭാഷാ വൈവിധ്യത്തിലുമാണ്.

20 വർഷം എന്ന നാഴികക്കല്ല് പിന്നിടുന്ന അവസരത്തിൽ, 'ഭാഷ സ്വർമാല' പരമ്പരയിലൂടെ ഇന്ത്യയിലെ വൈവിധ്യമാർന്ന ഭാഷകൾക്ക് ആദരമർപ്പിച്ച് നേട്ടം ആഘോഷിക്കുന്നത് ഉചിതമാണെന്ന് ജയ്പൂർ ലിറ്ററേച്ചർ ഫെസ്റ്റിവൽ കോഡയറക്ടർ നമിത ഗോഖലെ പറഞ്ഞു.

2008ൽ ആരംഭിച്ചതുമുതൽ, ഫെസ്റ്റിവലിൽ 8,000ത്തിലധികം എഴുത്തുകാരെയും പ്രഭാഷകരെയും കലാകാരന്മാരെയും പങ്കെടുപ്പിച്ചിട്ടുണ്ട്. നേരിട്ടെത്തിയ സന്ദർശകരുടെ എണ്ണം 50 ലക്ഷത്തിലധികമാണ്.




# ആയുർവേദ രംഗത്തേക്ക് ആംവേ

**കൊച്ചി:** ആയുർവേദ മേഖലയിലേക്ക് ചുവടുവെച്ച് ആംവേ ഇന്ത്യ. 'ന്യൂട്രിലൈറ്റ് ആയുർവേദ' എന്ന പേരിൽ ഒൻപത് ഉൽപ്പന്നങ്ങൾ ഉൾപ്പെടുന്ന ശ്രേണി കമ്പനി അവതരിപ്പിച്ചു. അടുത്ത രണ്ട് വർഷത്തിനുള്ളിൽ ന്യൂട്രിലൈറ്റ് ആയുർവേദയെ 100 കോടി രൂപയുടെ വിറ്റുവരവ് ഉള്ള വിഭാഗമാക്കി വളർത്തുകയാണ് കമ്പനിയുടെ ലക്ഷ്യം.

ഓർഗാനിക് രീതിയിൽ കൃഷി ചെയ്യുന്ന ന്യൂട്രിസർട്ട് സർട്ടിഫൈഡ് ഫാമുകളിൽനിന്നുള്ള ആയുർവേദ സസ്യങ്ങളാണ് ഉൽപ്പന്നങ്ങളിൽ ഉപയോഗിക്കുന്നത്. തമിഴ്നാട്ടിലെ ആംവേയുടെ നിർമ്മാണ കേന്ദ്രത്തിലാണ് ഉൽപ്പാദനം. ആദ്യഘട്ടത്തിൽ കാലമേഘ, ശിഗ്രു (മുരിങ്ങ), വൃക്ഷാമ്ല (ഗാർസീനിയ) എന്നീ മൂന്ന് ഉൽപ്പന്നങ്ങളാണ് വിപണിയിലെത്തുന്നത്. കരളിന്റെ ആരോഗ്യം, ശരീരത്തിലെ അധിക കൊഴുപ്പ്, മെറ്റബോളിസം, സംതൃപ്തി എന്നിവയെ പിന്തുണയ്ക്കുന്നതിനാണ് ഉൽപ്പന്നങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ആയുർവേദ പാരമ്പര്യവും ന്യൂട്രിലൈറ്റിന്റെ സസ്യശാസ്ത്ര ഗവേഷണ പരിചയവും സംയോജിപ്പിച്ചാണ് ഉൽപ്പന്നങ്ങൾ വികസിപ്പിച്ചത്. ഡിഎൻഎ ഫിംഗർപ്രിന്റിങ്, ആക്ടീവ് ഇൻഗ്രിഡിയന്റ് ടെസ്റ്റിങ്, സീഡ്ടുസപ്ലിമെന്റ് ട്രേസബിലിറ്റി എന്നിവയിലൂടെ ഗുണനിലവാരം ഉറപ്പാക്കുന്നതായും കമ്പനി അറിയിച്ചു. 449 മുതൽ 651 വരെയാണ് വില. സെപ്റ്റംബർ 8 മുതൽ ആംവേയുടെ അംഗീകൃത വിതരണ ചാനലുകൾ, ആംവേ സ്റ്റോറുകൾ, Amway.in എന്നിവ വഴി ലഭ്യമാകും.

# വിദ്യാർഥികൾക്ക് എഐ പഠനവുമായി അഡോബ്

**കൊച്ചി:** വിദ്യാർഥികളിൽ ഡിജിറ്റൽ സർഗാത്മകതയും എഐ നൈപുണ്യങ്ങളും വികസിപ്പിക്കുന്നതിനായി അഡോബ് ഇന്ത്യ വിവിധ സംസ്ഥാന സർക്കാരുകളുമായി സഹകരിക്കുന്നു. കേരളം ഉൾപ്പെടെ ഡൽഹി, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, തമിഴ്നാട്, ബിഹാർ, അസം, ഗോവ എന്നീ സംസ്ഥാനങ്ങളിലെ സർക്കാർ സ്കൂളുകൾക്ക് അഡോബ് എക്സ്പ്രസ് ഫോർ എജ്യുക്കേഷനിലേക്ക് സൗജന്യ പ്രവേശനം നൽകും.

ഈ സംരംഭത്തിലൂടെ രാജ്യത്തുടനീളമുള്ള 78 ലക്ഷം വിദ്യാർഥികളിലേക്കും അധ്യാപകരിലേക്കും അഡോബിന്റെ കെ12 വിദ്യാഭ്യാസ പദ്ധതി എത്തും. അഡോബ് ഡിജിറ്റൽ അക്കാദമിയിലൂടെ ഡിജിറ്റൽ സർഗാത്മകത, ക്രിയേറ്റീവ് പ്രോബ്ലം സോൾവിങ്, ഡിജിറ്റൽ സ്റ്റോറിയെല്ലിംഗ്, എഐ സഹായത്തോടെയുള്ള കണ്ടന്റ് നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകും. അധ്യാപകർക്ക് ക്ലാസ് മുറികളിൽ ഡിജിറ്റൽ സർഗാത്മകത ഉൾപ്പെടുത്തുന്നതിനുള്ള പരിശീലനവും ലഭിക്കും.

പി എം ശ്രീ, സി എം ശ്രീ, കസ്തൂർബ ഗാന്ധി ബാലിക വിദ്യാലയ, കേന്ദ്രീയ വിദ്യാലയ സംഘതൻ എന്നിവ ഉൾപ്പെടെയുള്ള സർക്കാർ സ്കൂൾ ശൃംഖലകളിലേക്കും പദ്ധതി വ്യാപിപ്പിക്കും.